(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു. ഇതു വഴി എന്ത് തുക സംസ്ഥാന ഖജനാവിന് ലഭിക്കുകയുണ്ടായി എന്നും ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണ് ഏറ്റവും അധികം പേർ വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിനുള്ളിൽ നാളിതുവരെ എത്ര ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു; ഇതുവഴി എത്ര തുക ഖജനാവിന് ലഭ്യമാക്കുവാൻ സാധിച്ചു ഏറ്റവും കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകൾ വരുന്നത് ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി വിദേശ രാജ്യങ്ങളിൽ പര്യടനം നടത്തിയതു വഴി സംസ്ഥാന ഖജനാവ്/ടൂറിസം വകുപ്പിന് ആകെ ചെലവായ തുക എത്രയെന്നു വ്യക്തമാക്കുമോ;

(ഇ) വിദേശ രാജ്യങ്ങളിലെ യാത്രയുമായി ബന്ധപ്പെട്ട് നാളിതുവരെ ടൂറിസം വകുപ്പിലെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ/ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പര്യടനം നടത്തിയതു വഴി സംസ്ഥാന ഖജനാവ്/ടൂറിസം വകുപ്പിന് ആകെ ചെലവായ തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുക?

ഉത്തരം

(എ) ഇല്ല.

(ബി) വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർക്കുന്നു.*

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന ഖജനാവിന് 6,53,727 രൂപയും ടൂറിസം വകുപ്പിന് 25,37,596 രൂപയും ചെലവായിട്ടുണ്ട്.

(ഇ) ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിദേശയാത്രകൾക്ക് ടൂറിസം വകുപ്പിന് 1,44,25,831 രൂപ ചെലവായിട്ടുണ്ട്.

ഡെസ്റ്റിനേഷൻ കേരള സ്കീമിലെ ടൂറിസ്റ്റ് സെന്റർ

287 (2567) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംപുഴ പഞ്ചായത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെ ഡെസ്റ്റിനേഷൻ കേരള സ്കീമിലെ ടൂറിസ്റ്റ് സെന്ററായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തുന്നതിന് എറണാകുളം ഡി.റ്റി.പി.സി. സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിൻ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെ ഡെസ്റ്റിനേഷൻ കേരള സ്കീമിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് എറണാകുളം ഡി.റ്റി.പി.സി-യുടെ നിർദ്ദേശത്തിന്മേൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

തണ്ണീർമുക്കം ബണ്ടിന്റെ വിനോദസഞ്ചാര സാധ്യതകൾ

288 (2568) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല -വൈക്കം താലൂക്കുകളെ ബന്ധിപ്പിക്കുന്ന തണ്ണീർമുക്കം റഗുലേറ്റർ കം ബ്രിഡ്ജിന്റെ പൂർത്തീകരണത്തോടെ ഉണ്ടാകാവുന്ന വിനോദ സഞ്ചാര സാധ്യതകൾ കണക്കിലെടുത്തുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സ്പീഡ് ബോട്ടുകളും ഹൗസ് ബോട്ടുകളും അടുപ്പിക്കുന്നതിനുള്ള ജെട്ടികൾ ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ;

(സി) സഞ്ചാരികൾക്ക് വിശ്രമിക്കാനും കുട്ടികൾക്കുള്ള പാർക്ക് ഒരുക്കാനും അവശ്യം വേണ്ടുന്ന സാധനങ്ങൾ ലഭ്യമാക്കുന്ന കടകൾ ഒരുക്കാനും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട മറ്റു പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ബാക്ക് വാട്ടർ എന്ന കേന്ദ്രപദ്ധതിയുടെ ഭാഗമായി തണ്ണീർമുക്കത്ത് 162.01 ലക്ഷം രൂപ ചെലവിൽ ഒരു ഹൗസ് ബോട്ട് ടെർമിനൽ നിർമ്മിക്കുന്നുണ്ട്. അതിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ടോയ്ലറ്റ്, ബോട്ട് ജെട്ടി, ടവർ, വ്യൂവിംഗ് പവലിയൻ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(സി&ഡി) പദ്ധതികൾ നിലവിലില്ല. പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/236/2020-50

LIBRARY ARCHIVES Kerala Legislative Assembly